## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2957 — 28.01.2014 -ലെ മറുപടിയ്ക്ക്

### _'റൂസ'_

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ നവീകരണത്തിനായുള്ള ദേശീയ ഉന്നതവിദ്യാഭ്യാസ ദൗത്യമായ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ' (റൂസ) നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ ; | (എ) & (ബി) | ഇല്ല. എന്നാൽ 'റൂസ' പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക, സംസ്ഥാന ജി.ഡി.പി. യുടെ നിശ്ചിത ശതമാനം ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി നീക്കിവയ്ക്കുക, 'റൂസ ഫണ്ടിനുവേണ്ടി പ്രത്യേക അക്കൗണ്ട് തുറക്കുക, ഒഴിവുള്ള അദ്ധ്യാപക തസ്തിക നികത്തുക, സ്ഥാപനങ്ങളെ അക്രഡിറ്റേഷനു വിധേയമാക്കുക അഫിലിയേഷൻ-പരീക്ഷാ പരിഷ്കരണം തുടങ്ങിയ ഉപാധികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റൂസ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് അണ്ടർടേക്കിംഗ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ, പ്രസ്തുതനിർദ്ദേശങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ ; | | |
| (സി) | പ്രസ്തുതപദ്ധതി വഴിയുള്ള കേന്ദ്രസഹായം ലഭിക്കാൻ പദ്ധതി സമർപ്പിക്കേണ്ട അവസാനതീയതി എന്നാണ് ;സർക്കാർ ഇവ നൽകിയത് എന്തെങ്കിലും പഠനം നടത്തിയിട്ടാണോയെന്നും ; എങ്കിൽ, സർക്കാർ നൽകിയ പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | . ഇത് സംബന്ധിച്ച പദ്ധതി സർക്കാർ സമർപ്പിച്ചിട്ടില്ല. |
| (ഡി) | യു.ജി.സി. യെ ഒഴിവാക്കിയിട്ടാണോ 'റൂസ' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഡി) | സർവ്വകലാശാലസംവിധാനത്തിന് കീഴിൽ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാൽ സംസ്ഥാനം |

| | | | |
|---|---|---|---|
| | | | ഒന്നാകെ ഒരു അടിസ്ഥാന യൂണിറ്റ് എന്ന നിലയിൽ ഗവേഷണം, കൺസൾട്ടിംഗ്, ഇൻഡസ്ട്രി പാർട്ട്നർഷിപ്പ് എന്നിവയിലൂടെയുള്ള ധനസമാഹരണം ഉൾപ്പെടെ വിദഗ്ദ്ധമായ ആസൂത്രണം ആവശ്യമാണ്. രാജ്യത്തെ 33% സർവ്വകലാശാലകളും 51% കോളേജുകളും നിലവിലുള്ള യു.ജി.സി. നിയമപ്രകാരമുള്ള ധനസഹായത്തിന്റെ പരിധിക്ക് പുറത്താണ്. കൂടാതെ സംസ്ഥാന ഗവൺമെന്റ് മുഖേന ധനസഹായം നൽകുന്നതിനോ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിനല്ലാതെ കൗൺസിൽ പോലെയുള്ള സ്ഥാപനങ്ങൾ മുഖേന സഹായം നൽകുന്നതിനോ യു.ജി.സിയ്ക്ക് കഴിയുന്നില്ല. യു.ജി.സി സഹായം സർവ്വകലാശാല യുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകുന്നതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നില്ല. സംസ്ഥാനമൊന്നാകെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ രീതി തടസം സൃഷ്ടിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ധനസഹായ സ്ഥാപനമെന്നനിലയിൽ യു.ജി.സിക്കുള്ള പരിമിതികൾ മറികടക്കുന്നതിന് അനേകം സ്ഥാപനങ്ങൾക്ക് സഹായം നൽകുകയും സംസ്ഥാന തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പദ്ധതികൾ സംയോജിതമായി ആസൂത്രണം ചെയ്യുന്നതിന് കഴിയുന്ന ഒരു സ്ഥാപനം വഴി ധനസഹായം നൽകുന്ന രീതിയായിരിക്കും റൂസ അവലംബിക്കുക. |
| (ഇ) | 'റൂസ' പൊതുമേഖല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വകാര്യ | (ഇ) & | ഇല്ല. പ്രാഥമിക, ദ്വിതീയ വിദ്യാഭ്യാസ മേഖലകളിൽ ശക്തമായ അടിത്തറ |

| | | | |
|---|---|---|---|
| | വത്കരണത്തിന് ലക്ഷ്യ മിടുന്നതാണെന്ന് വിദ്യാഭ്യാസ വിചക്ഷണർ , അദ്ധ്യാപക സംഘടനകൾ , വിദ്യാർത്ഥിസംഘടനകൾ എന്നിവർ നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ ; വ്യക്തമാക്കുമോ ; | (എഫ്) | പാകിയ സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക ശിക്ഷ അഭിയാൻ മാതൃകയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ. സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാദ്ധ്യമിക ശിക്ഷ അഭിയാൻ എന്നിവ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. റൂസ ഒരു ദേശീയ പദ്ധതിയായതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഇതിൽനിന്നു മാറിനിൽക്കാൻ കഴിയില്ല. മാത്രമല്ല കോടിക്കണക്കിന് രൂപയുടെ കേന്ദ്രസഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കും . ഇത് സംബന്ധിച്ച് പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | യു.ജി.സി. ധനസഹായം നിർത്തലാക്കി 'റൂസ' പ്രാബല്യത്തിൽവരുത്തിയാൽ ഉന്നത വിദ്യാഭ്യാസമേഖലയിൽ സ്വകാര്യമേഖല കടന്നുകയറുവാനും , കലാപകലുഷിതമാകാനും സാദ്ധ്യതയുള്ളതിനാൽ വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ , എന്നിവരുൾപ്പെട്ട ഒരു സമിതിയുടെ പഠനശേഷം മാത്രം 'റൂസ' നടപ്പിലാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**